## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ *67** — **10.06.2019-ൽ മറുപടിയ്ക്ക്.**

### ക്ഷീരോല്പാദന മേഖലയിൽ സ്വയം പര്യാപ്തത

| **ചോദ്യം** | **ഉത്തരം** |
|---|---|
| **ശ്രീ.രാജു എബ്രഹാം**<br>**ശ്രീ.സി. കെ. ശശീന്ദ്രൻ**<br>**ശ്രീ.കെ.കുഞ്ഞിരാമൻ**<br>**ശ്രീ.മുരളി പെരുനെല്ലി** | **ശ്രീ.കെ രാജു**<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) ക്ഷീരോല്പാദന മേഖല ആദായകരവും സുസ്ഥിര വരുമാനദായകവുമാക്കി സ്വയം പര്യാപ്തത നേടുകയെന്ന ലക്ഷ്യത്തോടെ നടത്തി വരുന്ന പ്രവർത്തനം വിശദമാക്കാമോ; | (എ) ക്ഷീരോല്പാദനമേഖല ആദായകരവും സുസ്ഥിര വരുമാനദായകവുമാക്കി സ്വയംപര്യാപ്തത നേടുകയെന്ന ലക്ഷ്യത്തോടെ താഴെ പറയുന്ന പദ്ധതികളാണ് നടപ്പിലാക്കുന്നത്.<br>1) മിൽക്ക്ഷെഡ് ഡെവലപ്പ്മെന്റ് പദ്ധതി<br>2) തീറ്റപ്പുൽകൃഷി വികസന പദ്ധതികൾ<br>3) ക്ഷീരകർഷകർക്കുള്ള അവശ്യാധിഷ്ഠിത സഹായം<br>4) ഹീഫർ പാർക്ക്<br>5) ക്ഷീരഗ്രാമം<br>6) ക്ഷീരസംഘങ്ങൾക്കുള്ള സഹായപദ്ധതികൾ<br>7) പാൽ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ<br>8) ക്ഷീരകർഷകർക്കുള്ള ബോധവത്കരണ പ്രവർത്തനങ്ങൾ<br>9) സമഗ്ര ഇൻഷ്വറൻസ് പദ്ധതി<br>10) ക്ഷീരകർഷക ക്ഷേമനിധിയിലൂടെ പെൻഷൻ, കുടുംബ പെൻഷൻ, അവശതാ പെൻഷൻ, വിവാഹ ധനസഹായം, മരണാനന്തര ധനസഹായം, ചികിത്സാ സഹായം, അപകടമരണ സഹായം, വിദ്യാഭ്യാസ സ്കോളർഷിപ്പ്, ക്ഷീരകർഷക അവാർഡുകൾ തുടങ്ങിയവ നടപ്പിലാക്കി വരുന്നു.<br>ഇതേ ലക്ഷ്യത്തോടെ മൃഗസംരക്ഷണ വകുപ്പ് ചുവടെ പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നു.<br>1) ഇന്ററസ്റ്റ് സബ്‌വെൻഷൻ സ്കീം<br>2) ഗോവർദ്ധിനി-കന്നുകുട്ടി പരിപാലന പദ്ധതി<br>3) സമഗ്ര കന്നുകാലി ഇൻഷ്വറൻസ് പദ്ധതി (ഗോസമൃദ്ധി)<br>4) വെറ്ററിനറി സേവനം<br>5 ) ശാസ്ത്രീയമായ മാലിന്യ സംസ്കരണ സംവിധാനം സ്ഥാപിക്കൽ പദ്ധതി<br>6 ) മാതൃകാമൃഗസംരക്ഷണ ഗ്രാമങ്ങൾ<br>7) ഊർജ്ജിത കന്നുകാലി വികസന പദ്ധതി |

(ബി) ഈ സർക്കാർ പുതുതായി നടപ്പാക്കി വരുന്ന ഗോസമൃദ്ധി സമഗ്ര കന്നുകാലി ഇൻഷ്വറൻസ് പദ്ധതിയുടെ വിശദാംശം നൽകാമോ; എല്ലാ ക്ഷീരകർഷകരേയും ആകർഷിക്കുന്ന വിധത്തിലാണോ പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത് എന്നറിയിക്കാമോ;

(ബി) സംസ്ഥാനത്തെ മൃഗസംരക്ഷണ മേഖലയിൽ നടപ്പുസാമ്പത്തിക വർഷം നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന ഇൻഷ്വറൻസ് പദ്ധതിയാണ് ഗോസമൃദ്ധി 2019-20.

ഈ പദ്ധതിയിലൂടെ പശുക്കളെയും, എരുമകളെയും ഉരുക്കളുടെ ഉടമകളായ കർഷകരെയും ഇൻഷ്വർ ചെയ്യുവാൻ ലക്ഷ്യമിടുന്നു. 1 വർഷം, 3 വർഷം എന്നീ കാലയളവുകളിലേക്കുള്ള ഇൻഷ്വറൻസ് പരിരക്ഷ കർഷകർക്ക് അവരുടെ ആവശ്യാനുസരണം തിരഞ്ഞെടുക്കാവുന്ന രീതിയിലാണ് പദ്ധതി വിഭാവനം ചെയ് തിരിക്കുന്നത് . പദ്ധതി നടത്തിപ്പിനായി ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനിയെ തിരഞ്ഞെടുത്തിട്ടുണ്ട്. 2017-18 മുതൽ വകുപ്പിന്റെ ഓൺലൈൻ പോർട്ടൽ വഴി സുതാര്യവും, കാര്യക്ഷമവുമായ പദ്ധതി നിർവ്വഹണം നടക്കുന്നതിനാൽ ഉരുക്കളുടെ ഇൻഷ്വറൻസിനായി ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനി ഒരു വർഷത്തേക്ക് 2.15%, മൂന്ന് വർഷത്തേക്ക് 5.419% എന്ന നിരക്കുകളിൽ പ്രീമിയം quote ചെയ് തിട്ടുണ്ട് .

പ്രീമിയം നിരക്കുകൾ 2016-17, 2017-18, 2018-19 സാമ്പത്തിക വർഷത്തേക്കാൾ വളരെയേറെ കുറഞ്ഞിട്ടുണ്ട്. അതുവഴി ഏറ്റവും കുറഞ്ഞ പ്രീമിയം നിരക്കിൽ ക്ഷീര കർഷകർക്ക് അവരുടെ ഉരുക്കളെ ഇൻഷ്വർ ചെയ്യുവാൻ സാധിക്കും. ജനറൽ വിഭാഗത്തിന് പ്രീമിയം തുകയുടെ 50%വും, എസ്.സി/എസ്.ടി വിഭാഗത്തിന് 70%വും സർക്കാർ സബ്സിഡി നൽകിവരുന്നു. ഉരുക്കളുടെ മരണം, ഉല്പാദന പ്രത്യുല്പാദന ക്ഷമതാ നഷ്ടം എന്നിവക്ക് പരമാവധി ₹65,000/- രൂപ വരെയും ഉരുവിന്റെ ഉടമയായ കർഷകന് അപകട മരണം സംഭവിച്ചാലോ, ഭാഗികമോ പൂർണ്ണമോ ആയ അംഗവൈകല്യം സംഭവിച്ചാലോ 2 ലക്ഷം രൂപ വരെയും ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാക്കുവാനും സാധിക്കുന്നു. ഇതിനായി ഉരുവിന്റെ ഉടമക്ക് ഇൻഷ്വറൻസിനായി ഒരു വർഷത്തേക്ക് 22 രൂപയും, മൂന്നു വർഷത്തേക്ക് 58 രൂപയും നൽകിയാൽ മതിയാകും.

സംസ്ഥാനതലത്തിൽ പദ്ധതി നിർവ്വഹണം കേന്ദ്രീകൃതമായി നടത്തുവാനും ജില്ലാതലത്തിൽ ക്ലെയിമുകൾ തീർപ്പാക്കുവാനുമാണ് നടപ്പുസാമ്പത്തിക വർഷത്തെ പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്നത് . കർഷകർക്ക് പോളിസി, ക്ലെയിം എന്നിവ ലഭ്യമാക്കുന്ന പ്രക്രിയ പൂർണ്ണമായും ഓൺലൈനായി ചെയ്യുവാനും ലക്ഷ്യമിടുന്നു. ആയതുവഴി കർഷകർക്ക് ക്ലെയിമുകൾ സമയബന്ധിതമായി നൽകുവാനും സാധിക്കുന്നു.

(സി) ക്ഷീരോല്പാദനമേഖലയിൽ പ്രളയം ഏല്പിച്ച ആഘാതം തരണം ചെയ്യുന്നതിനായി സർക്കാർ നടത്തിയ ഇടപെടൽ വിശദമാക്കാമോ; പ്രത്യേക പുനരധിവാസ പദ്ധതിയുടെ പ്രയോജനം എത്ര കർഷകർക്ക് ലഭിച്ചെന്ന് വെളിപ്പെടുത്താമോ?

(സി) പ്രളയത്തിൽ ക്ഷീരമേഖലയ്ക്ക് ഏകദേശം 107.5 കോടി രൂപയുടെ നാശനഷ്ടം ഉണ്ടായിട്ടുണ്ടെന്നാണ് കണക്കാക്കിയിരിക്കുന്നത്.

പ്രളയത്തിൽ നാശനഷ്ടം സംഭവിച്ച ക്ഷീരകർഷകർക്ക് അടിയന്തരസഹായമായി കണ്ടിജൻസി ഫണ്ടിന ത്തിൽ 24.9 ലക്ഷം രൂപയും പ്രളയസമയത്ത് കാലികൾക്ക്

നൽകുന്നതിനായി 28,887 ചാക്ക് കാലിത്തീറ്റ വിതരണം ചെയ്യുതിനുള്ള ധനസഹായമായി 181 ലക്ഷം രൂപയും വൈയ്ക്കോൽ, പച്ചപ്പുല്ല് എന്നിവ വിതരണം ചെയ്യുന്നതിനായി 460 ലക്ഷം രൂപയും വിനിയോഗിച്ചിട്ടുണ്ട്.

പ്രളയദുരിതാശ്വാസത്തിന്റെ ഭാഗമായി ക്ഷീരവികസന വകുപ്പിന്റെ നിർദ്ദേശ പ്രകാരം ജില്ലാതലത്തിൽ ക്ഷീരവികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ കൺവീനറും മൃഗസംരക്ഷണവകുപ്പ്, മിൽമ എന്നിവയിലെ ഉദ്യോഗസ്ഥർ, ക്ഷീരസംഘം പ്രതിനിധികൾ, മേഖലായൂണിയൻ ഭരണസമിതി അംഗങ്ങൾ എന്നിവരെ ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിക്കുകയും അടിയന്തിരമായി ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. ഈ കമ്മിറ്റിയുടെ നേതൃത്വത്തിൽ 104.64 ലക്ഷം രൂപയുടെ വിവിധ സഹായങ്ങൾ കർഷകർക്ക് എത്തിച്ചു നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ, ദേശീയ ക്ഷീരവികസന ബോർഡിൽ നിന്നും 494 മെ.ടൺ കാലിത്തീറ്റയും 160 മെ.ടൺ സൈലേജും 21 മെ.ടൺ ഉണക്കപ്പുല്ലും, ആന്ധ്രാപ്രദേശ് മൃഗസംരക്ഷണവകുപ്പിൽ നിന്നും 20 ടൺ കാലിത്തീറ്റയും 18 ടൺ സൈലേജും 20 ടൺ സമ്പുഷ്ട പോഷക കാലിത്തീറ്റയും (TMR) പ്രളയബാധിത പ്രദേശങ്ങളിലെ കർഷകർക്ക് വിതരണം നടത്തിയിട്ടുണ്ട്.

ക്ഷീരവികസന വകുപ്പിന്റെ പദ്ധതി വിഹിതമായി 22 കോടി രൂപ വിനിയോഗിച്ച് ഒരു പ്രത്യേക ഫ്ലഡ് റിലീഫ് പ്രോഗ്രാം നടപ്പിലാക്കി. ഈ പദ്ധതി പ്രകാരം പ്രധാനമായും താഴെ പറയുന്നവയാണ് നടപ്പിലാക്കിയത്.

| ക്രമ നം. | പദ്ധതി യുടെ പേര് | യൂണിറ്റ് സബ്സിഡി (രൂപയിൽ) | ഗുണഭോക്താക്കളുടെ എണ്ണം | ആകെ സബ്സിഡി തുക (ലക്ഷം) |
|---|---|---|---|---|
| 1. | ഗോദാനം (2 പശു യൂണിറ്റ്) | 33000 | 1200 | 396 |
| 2. | 2 പശു യൂണിറ്റ് | 66000 | 900 | 594 |
| 3. | അവശ്യാധിഷ്ഠിത സഹായം | 50000 | 1500 | 750 |
| 4. | കാലിത്തൊഴുത്ത് | 50000 | 630 | 315 |
| 5. | യന്ത്രവൽക്കരണം ഉൾപ്പെടെയുള്ള ശാസ്ത്രീയ കാലിത്തൊ ഴുത്ത് | 100000 | 100 | 30 |

കൂടാതെ, വയനാട് ആലപ്പുഴ, എറണാകുളം, പാലക്കാട്, പത്തനംതിട്ട എന്നീ ജില്ലകളിൽ ജില്ലാ ഭരണകൂടവുമായി ചേർന്ന് സന്നദ്ധസംഘടനകളുടെ സഹായത്തോടെ Donate a cow എന്ന പദ്ധതി പ്രകാരം ഇതിനോടകം

ആലപ്പുഴ ജില്ലയിൽ 138 കറവപ്പശുക്കളെയും വയനാട് ജില്ലയിൽ 56 കറവപ്പശുക്കളെയും 250 കിടാരികളെയും, പാലക്കാട് ജില്ലയിൽ 8 കിടാരികളെയും, എറണാകുളം ജില്ലയിൽ 43 കറവപ്പശുക്കളെയും പത്തനംതിട്ട ജില്ലയിൽ 7 കറവപ്പശുക്കളെയും പ്രളയത്തിൽ കന്നുകാലി കൾ നഷ്ടപ്പെട്ടവർക്ക് സൗജന്യമായി വിതരണം ചെയ്തിട്ടുണ്ട്.

വകുപ്പിന്റെ നിർദ്ദേശപ്രകാരം ക്ഷീര സഹകരണ സംഘങ്ങൾ നേരിട്ട് പ്രളയദുരിതത്തിൽ ബുദ്ധിമുട്ടനുഭവിച്ച ക്ഷീര കർഷകർക്ക് കാലിത്തീറ്റ, വൈയ്ക്കോൽ, പച്ചപ്പുല്ല് എന്നിവ നൽകുകയും നാശനഷ്ടം സംഭവിച്ച കാലിത്തൊഴുത്ത് പൂർവ്വസ്ഥിതി യിലാക്കുന്നതിനുള്ള സഹായവും നൽകിയിട്ടുണ്ട്.

പ്രത്യേക പുനരധിവാസ പദ്ധതിയുടെ പ്രയോജനം 19,879 കർഷകർക്ക് ലഭിച്ചിട്ടുണ്ട്.

പ്രളയം മൂലം മൃഗസംരക്ഷണ മേഖലയിലുള്ള നഷ്ടം നികത്താനായി 21.99 കോടി രൂപ മൃഗസംരക്ഷണ വകുപ്പ് മുഖേന വിവിധ ജില്ലകളിലെ കർഷകർക്ക് നഷ്ട പരിഹാരമായി വിതരണം ചെയ്തു. കൂടാതെ പ്രളയബാധിത പ്രദേശത്ത് വകുപ്പ് മുഖേന 2.68 കോടി രൂപയുടെ കാലിത്തീറ്റയും ധാതുലവണ മിശ്രിതവും വിതരണം ചെയ്യുകയുണ്ടായി. സംസ്ഥാനത്ത് 39,163 കർഷകർക്ക് നഷ്ടപരിഹാരത്തുക നൽകിയിട്ടുണ്ട്.

പ്രളയത്തോടനുബന്ധിച്ച് പ്രളയ ബാധിത പ്രദേശങ്ങളിൽ മൃഗസംരക്ഷണ വകുപ്പ് 65.8 ലക്ഷം രൂപ ചെലവഴിച്ച് 1172 ചികിൽസ ക്യാമ്പുകൾ സംഘടിപ്പിച്ച് പ്രാഥമിക ചികിൽസ, തീറ്റ വിതരണം എന്നിവ നടത്തുകയുണ്ടായി.

നാഷണൽ ലൈവ്സ്റ്റോക്ക് മിഷന്റെ ആടുവളർത്തൽ പദ്ധതി പ്രളയ ബാധിത ജില്ലകളിൽ പ്രളയത്തിൽ ഉരുക്കളെ നഷ്ടം സംഭവിച്ച കർഷകർക്ക് മുൻഗണന നൽകിയാണ് നടപ്പിലാക്കിയത്. 2019 -20 സാമ്പത്തിക വർഷത്തിൽ തീവ്ര പ്രളയ ബാധിത ജില്ലകളായ പത്തനംതിട്ട, ആലപ്പുഴ, എറണാകുളം, കോട്ടയം, വയനാട്, തൃശ്ശൂർ, ഇടുക്കി എന്നിവിടങ്ങളിൽ കിടാരി വളർത്തൽ പദ്ധതി പുതുതായി നടപ്പിലാക്കും. പ്രസ്തുത പദ്ധതി പ്രകാരം 1120 കിടാരികളെ വിതരണം ചെയ്യും. ഓരോ ഗുണഭോക്താക്കൾക്കും 25,000 രൂപയുടെ ധനസഹായം ലഭിക്കും.

**സെക്ഷൻ ഓഫീസർ**